# പാലാ മെത്രാന്റെ വിചിത്ര ശിക്ഷ

**വയലാർ രവിയുടെ മകന്റെ കല്യാണത്തെത്തുടർന്ന് ഗുരുവായൂർ ക്ഷേത്രത്തിൽ പുണ്യാഹം നടത്തിയതിനെക്കുറിച്ച് ഘോരവിവാദം ഇന്ന് പത്രമാസികകളിൽ വന്നുകൊണ്ടിരിക്കുകയാണല്ലോ? എന്നാൽ ഇതിനെക്കാൾ ക്രൂരമാംവിധത്തിൽ പാലാ രൂപതയുടെ 'തന്ത്രി' യായ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ ചെയ്ത ഒരു ക്രൂരകൃത്യം തിരശ്ശീലയിട്ടു മൂടിയിരിക്കുകയാണ്.**

**പാലാരൂപതയിൽ, വലവൂർ പള്ളി ഇടവക, പാത്തിയാങ്കൽ ശ്രീ പി.റ്റി. മാത്യുവിന്റെ മകളെ ഓർത്തഡോക്സ് പള്ളിയിൽ വെച്ച് ഓർത്തഡോക്സ് സഭാംഗമായൊരാൾ വിവാഹം കഴിച്ചതിന് പാത്തിയാങ്കൽ ശ്രീ പി.റ്റി. മാത്യുവിനെ പാലാ "രൂപതാതന്ത്രി" ഒരു മാസത്തേയ്ക്ക് കൂദാശാമുടക്ക് കല്പിച്ച് ശിക്ഷിച്ചിരിക്കുകയാണ്.**

**ഓർത്തഡോക്സ് സഭാമെത്രാൻമാരും കത്തോലിക്കാമെത്രാൻമാരും എക്യുമെനിസത്തിന്റെ പേരിൽ പരസ്പരം യോജിച്ച് സമ്മേളനങ്ങൾ നടത്തുന്നു. അതു പത്രവാർത്തയാകുന്നു. എന്നാൽ, കത്തോലിക്കാസഭാംഗങ്ങൾ ഇതര ക്രൈസ്തവസഭകളിൽ നിന്നും വിവാഹം കഴിച്ചാൽ ശിക്ഷണനടപടികൾക്ക് വിധേയരാകുന്നു. വിവാഹത്തിലേർപ്പെട്ടവരെ മാത്രമല്ല, കുടുംബാംഗങ്ങളേയും ശിക്ഷിക്കുന്നു! മക്കൾ ചെയ്യുന്ന തെറ്റിന് മാതാപിതാക്കളെ ശിക്ഷിക്കുന്ന സമ്പ്രദായം കത്തോലിക്കാസഭയിലല്ലാതെ മറ്റൊരിടത്തും ഉണ്ടെന്നു തോന്നുന്നില്ല. സൂര്യനെല്ലി സ്ത്രീപീഢനകേസ്സിലെ ധർമ്മരാജന്റെ അപ്പനെ കോടതി ശിക്ഷിച്ചില്ലെന്ന് ഓർക്കുക.**

**ശ്രീ പി.റ്റി. മാത്യു മെത്രാനയച്ച കത്താണ് ഇവിടെ ചേർത്തിരിക്കുന്നത്.**

**ജോസഫ് പുലിക്കുന്നേൽ**

"പാലാരൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനി മുമ്പാകെ,

അങ്ങയുടെ 10-9-2000 തീയതിയിലെ കത്ത് വലവൂർ പള്ളിയിലെ വിശ്വാസികളുടെ കേൾവിക്കായി പരസ്യമായി പള്ളിവികാരി വായിച്ചു കേൾക്കാനിടയായി. എനിക്ക്, അങ്ങയുടെ അധികാരാവകാശങ്ങൾ സ്ഥാപിച്ചുകൊണ്ട് കൂദാശാവിലക്ക് പ്രഖ്യാപിച്ചിരിക്കുകയാണല്ലോ? അത് തികഞ്ഞ വിനയത്തോടും വിധേയത്വത്തോടും കൂടി ഞാൻ സസന്തോഷം സ്വീകരിക്കുന്നു. ഈ ശിക്ഷാപത്രം വായിച്ചപ്പോൾ എളിയവനായ എനിക്ക് അങ്ങയോട് ചില കാര്യങ്ങൾ ചോദിക്കണമെന്നു തോന്നി. ഇത് പിശാചിന്റെ ഉഗ്രമായ തട്ടിപ്പാണെങ്കിൽ ക്ഷമിക്കുകയോ ശിക്ഷ സ്ഥിരീകരിക്കുകയോ ചെയ്യാം.

എന്റെ പുത്രിയെ ഓർത്തഡോക്സ് സഭയിലേയ്ക്ക് കല്യാണം കഴിപ്പിച്ചുകൊടുത്തതാണല്ലോ ഈ ഒരു മാസത്തെ കൂദാശാവിലക്കിന്റെ കൽക്കുരിശ് എന്റെ സ്വത്വബലത്തിന്റെ ചുമലിൽ വച്ചു പീഡിപ്പിക്കുകയും പരസ്യമായി അപമാനിക്കുകയും ചെയ്യാൻ ഇടയാക്കിയത്. എന്നാൽ -

1) പാലാ മുനിസിപ്പാലിറ്റിയുടെ മുൻ ചെയർമാനും അങ്ങയുടെ ഏറ്റവും അടുത്ത കുഞ്ഞാടുമായ തോമസ് ജോസഫ് കൊട്ടുകാപ്പള്ളിയുടെ മകളെ ഓർത്തഡോക്സ് സഭയിൽ, ഓർത്തഡോക്സ് പള്ളിയിൽ വച്ചുതന്നെ വിവാഹം കഴിപ്പിച്ചുകൊടുക്കുകയുണ്ടായി. ഈ പാപത്തിന് എന്തു ശിക്ഷയാണ് അങ്ങ് നൽകിയത് എന്ന് അറിയുവാൻ താല്പര്യമുണ്ട്. ആ ശിക്ഷാവിധിയും പള്ളിയിൽ വായിച്ചുവോ?

2) പാലാരൂപതയിലെ ഒരു പ്രമുഖ അംഗമായ മൈക്കിൾ കള്ളിവയലിന്റെ മകളെ മദ്രാസിൽ മാർത്തോമ്മാസഭാംഗത്തെക്കൊണ്ട് വിവാഹം കഴിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ തന്നെ മറ്റൊരു മകളെ ഒരു മുസ്ലീമാണ് കല്യാണം കഴിച്ചിരിക്കുന്നത്. അദ്ദേഹത്തിന് എന്തു ശിക്ഷാവിധിയാണ് അങ്ങു നൽകിയത്? പള്ളിയിൽ പരസ്യമായി ആ ശിക്ഷാവിധിയും വായിച്ചുവോ?

3) ഡി.സി. ബുക്ക്സിന്റെ സ്ഥാപകനായ ഡി.സി. കിഴക്കേമുറിയുടെ മകളെ ഓർത്തഡോക്സ് സഭയിലാണ് വിവാഹം കഴിപ്പിച്ചയച്ചത്. അദ്ദേഹം മരിച്ചപ്പോൾ മേജർ ആർച്ച്ബിഷപ്പും തിരുവനന്തപുരം ആർച്ചുബിഷപ്പും കോട്ടയം ബിഷപ്പും വീട്ടിലെത്തി ഭക്തിനിർഭരമായി പ്രാർത്ഥിച്ചതായും, ചങ്ങനാശ്ശേരി ആർച്ചുബിഷപ്പിന്റെ നേതൃത്വത്തിൽ മൃതദേഹം സംസ്കരിച്ചതായും പത്രങ്ങളിൽ വായിക്കാനിടയായി. അദ്ദേഹത്തിന് എന്തുശിക്ഷയാണ് അങ്ങു വിധിച്ചത്? ആ ശിക്ഷാപത്രവും പള്ളിയിൽ പരസ്യമായി വായിച്ച് വിശ്വാസികളുടെ കാതും കരളും കുളിർപ്പിച്ചുവോ?

ഒരുപക്ഷേ, വരേണ്യവർഗ്ഗത്തിൽപ്പെട്ട സമ്പന്നരായ അവരെല്ലാം വിമോചിതരാകാൻ വല്ല സാമ്പത്തിക ശിക്ഷയും അതീവരഹസ്യമായി നൽകിയോ? ക്രിസ്തുവിന്റെ നല്ല ഇടയനായ അങ്ങ് അതെല്ലാം വെളിപാടിന്റെ സന്ദേശമായി നൽകിയിരിക്കാം അല്ലേ? വെറും സാധാരണക്കാരനായ എനിക്ക് അങ്ങയുടെ പക്കൽ ഒരു വൻതുക നൽകി ശിക്ഷയിൽ നിന്നും സ്വയം വിമോചിതനാകാൻ സാധിക്കുകയില്ല എന്ന് അറിയാമായിരുന്നതുകൊണ്ടുമാത്രമാകാം കനിവോടെ അങ്ങ് പള്ളിയിൽ പരസ്യമായി വിളിച്ചുപറഞ്ഞ് ഒരു മാസത്തേയ്ക്ക് എന്റെ കൂദാശകൾ മുടക്കിയത്. അങ്ങയുടെ ഹൃദയവിശാലതയ്ക്കും കാരുണ്യം നിറഞ്ഞ സൗമനസ്യത്തിനും നന്ദി.

മറ്റൊരു ചോദ്യം എളിയവനായ എനിക്ക് അങ്ങയോടു ചോദിക്കുവാനുണ്ട്; കരുണാമയനായ കർത്താവ് സ്ഥാപിച്ച കൂദാശകളെ മുടക്കി കഠിനമായ ശിക്ഷാവിധി കല്പിക്കാൻ അങ്ങേയ്ക്ക് അധികാരമുണ്ടോ? എന്റെ എളിയ അറിവിൽ കൂദാശകൾ അങ്ങയുടേതല്ല, അങ്ങയുടെ കുത്തകയുമല്ല, മറിച്ച് ദൈവവരപ്രസാദം സ്വീകരിക്കുന്നതിന് ഒരു വിശ്വാസിക്ക് മൗലികമായ അവകാശമുണ്ട്. അപ്പോൾ കൂദാശകൾ എന്ന ദൈവവരപ്രസാദത്തെ സ്വീകരിക്കുന്നതിന് മുടക്കുകല്പിക്കുന്നതു ശരിയാണോ? എന്റെ അറിവിൽ പെട്ടിടത്തോളം പാപം ചെയ്യുന്നവർക്ക് ശിക്ഷ വിധിക്കുന്നത് കുമ്പസാരക്കൂട്ടിലാണ്. ആ ശിക്ഷാവിധിയാകട്ടെ പരമരഹസ്യവുമാണ്. കാരുണ്യവാനായ കർത്താവിന്റെ ഏതു കല്പനപ്രകാരമാണ് എനിക്ക് അവകാശപ്പെട്ട ദൈവവരപ്രസാദം മുടക്കിയത് എന്നറിഞ്ഞാൽ കൊള്ളാം. അത് നമ്മുടെ സഭയിലെ വിശ്വാസികളുടെ അറിവിനും സഹായകമായിരിക്കും. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ച് പൊതു അറിവിലേയ്ക്കായി ഒരു ഇടയലേഖനം അങ്ങ് ഇറക്കണമെന്ന് ഏറ്റവും വിനീതനായി അഭ്യർത്ഥിക്കുന്നു.

യശ: ശ്ശരീരനായ ശ്രീ വി.കെ. കുര്യൻ സാറിന് മരിച്ചടക്ക് നിഷേധിച്ചതിന് അങ്ങയെ പാലാ സബ്കോടതിയിൽ നിന്നും രണ്ടേകാൽ ലക്ഷം രൂപ ശിക്ഷിച്ചതായി ഞാൻ പത്രങ്ങളിൽ വായിച്ചു. അതിന് അങ്ങ് ഹൈക്കോടതിയിൽ അപ്പീൽ നൽകിയതായും ഞാനറിഞ്ഞു. എന്റെമേൽ ചുമത്തിയ ഈ പീഡനത്തിന്റെ, കുരിശിന്റെ ശിക്ഷയ്ക്കെതിരെ എവിടെ അപ്പീലിനു പോകണമെന്ന് അങ്ങു സദയം അറിയിക്കണമെന്ന് എളിയവരിൽ എളിയവനായ ഞാൻ ഏറ്റവും വിനീതനായി അഭ്യർത്ഥിക്കുന്നു.

എല്ലാ നല്ല ആശംസകളോടുംകൂടി,

വിനീതവിധേയൻ,

പി.റ്റി മാത്യു, പാത്തിയാങ്കൽ

വലവൂർ

18-9-2000